Released on 26-07-2010

## ആഭ്യന്തര വിപണി ശക്തമാകുന്നു : ഏലം വില മേലോട്ടു തന്നെ

ഡിസംബർ 2009 മാസാദ്യം ഏലം വില കിലോയ്ക്ക് 650 രൂപ നില്ക്കുന്ന സമയം ഗോട്ടിമാലയിലെയും ഇന്ത്യയിലെയും ഏലം ഉൽപാദനത്തിൽ ഗണ്യമായ കുറവു കണക്കിലെടുത്തുക്കൊണ്ട് കേരള കാർഷിക സർവകലാശാലയുടെ കാർഷികസാമ്പത്തിക വിഭാഗത്തിനു കീഴീലുളള മാർക്കറ്റ് ഇന്റലിജൻസ് സെന്റർ ഏലത്തിന്റെ വില ക്രിസ്തുമസിനുശേഷം 1000 രൂപ കവിയുവാനുളള എല്ലാ സാധ്യതകളും ചൂണ്ടികാണിച്ചിരുന്നു. കർഷകരുടെയും കച്ചവടക്കാരുടെയും ആശങ്ക അകറ്റിക്കൊണ്ട് ഈ ഒരു വില കയറ്റം ഒരു ചെറിയ കാലത്തേക്കു മാത്രമുളള പ്രതിഭാസമാണെന്നും ഏലത്തിന്റെ ലഭ്യതയിലുളള കുറവും, വൻതോതിലുളള ആവശ്യകതയും ഈ കഴിഞ്ഞ 2009-10 സീസൺ കഴിയുന്നവരെ വിലയെ ഉയർത്തി നിർത്തുമെന്നും രണ്ടാമത്തെ വില പ്രവചനത്തിലൂടെ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ കഴിഞ്ഞ മാർച്ച് 2010 ൽ തന്നെ പ്രവചിച്ചിരുന്നു.

ഈ പുതിയ സീസണിൽ വിപണിയിലുണ്ടായ മാറ്റങ്ങളെ അവലോകനം ചെയുമ്പോൾ താഴെ പറയുന്ന സുപ്രധാനമായ കാര്യങ്ങൾ അവഗണിക്കുവാനാവില്ലെന്നു പറയെണ്ടിയിരിക്കുന്നു.

2000-01 വർഷം മുതൽ ലോകത്തില്ലെതന്നെ ഏറ്റവും വലിയ ഏലം ഉത്പാദക രാഷ്ട്രവും കയറ്റുമതി രാഷ്ട്രവും ഗോട്ടിമാലയാണ്. അതുകൊണ്ടുതന്നെ ഗോട്ടിമാലയിലെ ഏലത്തിന്റെ വിലയും അന്തരാഷ്ട്ര വിപണിയിലെ വിലയും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ടെന്ന കാര്യം തർക്കമറ്റ സംഗതിയാണ്. കഴിഞ്ഞ വർഷം ഗോട്ടിമാലയിൽ അനുഭവപ്പെട്ട കാലാവസ്ഥാ മാറ്റങ്ങളും പ്രകൃതി ദുരിന്തങ്ങളൂം, തൊഴിൽ പ്രശ്നങ്ങളൂമെല്ലാം അവിടത്തെ ഏലത്തിന്റെ ഉത്പാദ്നത്തിൽ ഗണ്യമായ കുറവു വരുത്തി. ഇന്ത്യയിലും കഴിഞ്ഞ സീസണിൽ ഉത്പാദനത്തിൽ കാര്യമായ ഇടിവുണ്ടായിരുന്നു. കഴിഞ്ഞ സീസണിൽ ഏലത്തിന് അന്തരാഷ്ട്ര വിപണിയിൽ ആവശ്യകത ഏറ്റവും ഉയർന്ന വിലയിൽ കലാശിക്കുകയാണുണ്ടായത്.

- ഗോട്ടിമാലയിൽ കഴിഞ്ഞ വർഷത്തെ സ്റ്റോക്ക് ഒന്നും അവശേഷിക്കുന്നില്ല എന്നാണ് കച്ചവട വൃത്തങ്ങൾ നൽകുന്ന സൂചന. പ്രതീക്ഷിച്ചതിലും നീണ്ടുനിന്ന എൽ- നിനോ പ്രതിഭാസം ഇത്തവണയും ഗോട്ടിമാലയിലെ ഉത്പദനത്തിൽ ഗണ്യമായ കുറവു വരുത്തും എന്നും തന്നെയണു സെന്ററിന്റെ നിഗമനം. ഗോട്ടിമാലയിൽ വ്യാപകമായി നടത്തിയ ഏലത്തിന്റെ പുനർ നടീൽ പ്രക്രിയ രണ്ടാം വർഷം എത്തിയിട്ടേയുള്ളൂ. അതിൽ നിന്നും സ്ഥായിയായ ഉത്പാദനം ഒരു വർഷത്തിനു ശേഷമേ പ്രതീക്ഷിക്കാനാവൂ. ഈ വസ്തുതകൾ എല്ലാം തന്നെ ഇന്ത്യയിലെ ഏലം ഉത്പാദകർക്ക് വലിയ തോതിൽ പ്രതീക്ഷയും വിപണിയിൽ കൂടുതൽ ഇടപെടുവാനുളള സ്വാതന്ത്രവും നല്കുന്നതാണ്.

സെപ്റ്റംബറിലെ റംസാൻ സീസൺ പശ്ചിമ ഏഷ്യൻ രാജ്യങ്ങളായ സൗദ്യ അറേബ്യ, കുവൈറ്റ് എന്നിവടങ്ങളിൽ നിന്നുമുള്ള വൻ തോതിലുള്ള ഏലത്തിന്റെ ഡിമാന്റിലെ വർധനവ് ഇൻഡ്യ പോലുള്ള രാജ്യങ്ങൾക്ക് നേട്ടമാകാനാണ് സാധ്യത.

- ഇന്ത്യയിലെ ഏലം ഉത്പാദക മേഖലകളിൽ കാലവർഷം പുരോഗമിച്ചുകൊണ്ടിരിയ്ക്കുകയാണ്. കഴിഞ്ഞ സീസണിൽ ലഭിച്ച ഉയർന്ന വിലയും, കാലവർഷത്തിനു മുൻപു ലഭിച്ച ഇടവിട്ട മഴയും ഏലം കർഷകരെ അവരുടെ കൃഷിയിൽ കൂടുതൽ ശ്രദ്ധിയ്ക്കുവാൻ പ്രേരിപ്പിയ്ക്കുകയും, തന്മൂലം ഈ സീസണിലെ ഏലത്തിന്റെ ഉത്പാദനം കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായിരിയ്ക്കുവാനുള്ള എല്ലാ സ ാ ദ്ധ്യതയിലേയ്ക്കും വിരൽച്ചൂണ്ടുന്നു.

- പുതിയ വിളവെടുപ്പ് ആഗസ്റ്റിൽ തുടങ്ങുമെങ്കിലും, ചരക്കു നീക്കം ആദ്യം ചെറിയ തോതിലായിരിയ്ക്കും. ഇപ്പോഴത്തെ നിലവാരം അനുസരിച്ച് വിപണിയിലേയ്ക്കുള്ള വരവു സെപ്റ്റംബർ മധ്യത്തോടെ ശക്തമാകാനാണ് സാധ്യത. വടക്കെ ഇന്ത്യയിൽ ശീതക്കാലം ശക്തി പ്രാപിക്കുന്നതോടെ, നവംബറിലെ ആഘോഷങ്ങളായ ദീപാവലി, ദസ്റാ, ഈദ് തുടങ്ങിയവ ഏലത്തിന്റെ ആഭ്യന്തര വിപണിയിലെ ആവശ്യകതയെ ഗണ്യമായ തോതിൽ ഉയർത്തുവാനും തന്മൂലം വിപണിയെ ചടുലമാക്കുവാനും ഉതകുന്നവയാണ്.

ഈ ഒരു സാഹചര്യത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രികൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ ഏലത്തിന്റെ വിലയെ ശാസ്ത്രമായി അപ്ഗ്രഥിക്കുകയും, വിപണിയിലെ മാറുന്ന സാഹചര്യങ്ങളെ കണക്കിലെടുക്കുകയും ചെയ്ത് കയറ്റുമതി ഗ്രെയ്ഡ് ആയ ആലപ്പി ഗ്രീൻ എക്സ്ട്രാ ബോൾഡിന്റെയും, തരം തിരിയ്ക്കാത്ത ഇനത്തിന്റെയും വരുന്ന മൂന്ന് മാസങ്ങളിൽ ലഭിക്കാൻ സാദ്ധ്യതയുള്ള വില താഴെ പറയും പ്രകാരമായിരിക്കും എന്ന് സൂചിപ്പിക്കുന്നു:

| മാസം | ഇനം | പ്രവചന വില | ഇനം | പ്രവചന വില () |
|---|---|---|---|---|
| ആഗസ്റ്റ് | എ. ഇ. ജി.ബി | 1600- 1800 | തരം തിരിയ്ക്കത്തത് | 1400-1600 |
| സെപ്റ്റംബർ | | 1700- 1900 | | 1500- 1600 |
| ഒക്ടോബർ | | 1500-1600 | | 1300-1400 |

ഏലത്തിന്റെ വരവു കുറഞ്ഞുനിൽക്കുകയും, ഡിമാന്റ് കൂടി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വില ഒരു കിലോയ്ക്ക് 1000 രൂപയിൽ കൂടി നിൽക്കുമെന്നു തന്നെയാണ് പ്രസ്തുത പഠനം ചൂണ്ടിക്കാട്ടുന്നത്. അതുകൊണ്ട് ഏലം കർഷകർ ആദ്യത്തെ വിളവ് പിടിച്ചു വയ്ക്കാതെ ചരക്കു നീക്കം ശക്തമാകുന്നതിനു മുൻപ (ഒക്ടോബറിനു മുൻപു) വിറ്റഴിച്ച് ഉയർന്ന വിലയുടെ മെച്ചപ്പെട്ട കമ്പോള സാധ്യതകൾ പ്രയോജനപ്പെടുകയായിരിക്കും കൂടുതൽ അഭികാമ്യം.




വില പ്രവചനങ്ങളും, വിപണിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക്:


**[amickau@gmail.com](mailto:amickau@gmail.com), 8129628797**